## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **14-03-2022 - ൽ മറുപടിയ്ക്ക്**

## മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അധിക ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുദ്ദേശിക്കുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ പുറമ്പോക്ക് ഭൂമി കൂടാതെ കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശത്തിലുള്ളതും കോക്കല്ലൂർ ദേശം റീസർവ്വെ 28/1-ൽ പ്പെട്ടതുമായ 13.96 ആർ ഭൂമി കൂടി ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി കൂടി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതാണ്. മേൽ ഭൂമി RFCTLARR നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിനു 01.01.2022-ലെ കോഴിക്കോട് ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്. എന്നാൽ അർത്ഥനയും അനുബന്ധ രേഖകളും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (സി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കാമോ? | (സി) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ പുറമ്പോക്ക് ഭൂമി കൂടാതെ കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശത്തിലുള്ളതും കോക്കല്ലൂർ ദേശം റീസർവ്വെ 28/1-ൽ പ്പെട്ടതുമായ 13.96 ആർ ഭൂമി കൂടി ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി കൂടി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതാണ്. മേൽ ഭൂമി RFCTLARR നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിനു 01.01.2022-ലെ കോഴിക്കോട് ജില്ലാ വികസന സമിതി യോഗത്തിൽ |

| | | | |
|---|---|---|---|
| | | | തീരുമാനമെടുത്തിട്ടുള്ളതുമാണ്. എന്നാൽ അർത്ഥനയും അനുബന്ധ രേഖകളും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ